പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1658 — 21.3.2012-ൽ മറുപടിയ്ക്ക്

വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തി ക്യാമ്പസിന് ഭൂമി അനുവദിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തി ക്യാമ്പസിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കേരള കാർഷിക സർവ്വകലാശാലയുമായി എന്തെങ്കിലും തർക്കം നിലനിൽക്കുന്നുണ്ടോ;എങ്കിൽ വിശദമാക്കാമോ; | എ) കേരള വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തി ക്യാമ്പസിലെ ഭൂമി കാർഷിക സർവ്വകലാശാലയിൽ നിന്നും രേഖാപരമായി കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല. മണ്ണുത്തി ക്യാമ്പസ്സിലെ ഭൂമി വെറ്ററിനറി സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്യേണ്ടതായിരുന്നെങ്കിലും, മണ്ണുത്തി ക്യാമ്പസ്സിൽ കാർഷിക സർവ്വകലാശാലയുടെ കാർഷിക ഗവേഷണകേന്ദ്രം പ്രവർത്തിക്കുന്ന സാഹചര്യത്തിൽ കൈമാറ്റം ചെയ്യപ്പെടേണ്ട ഭൂമിയുടെ അളവ്-അതിരുകൾ എന്നിവ സംബന്ധിച്ച് സംശയം നിലനിന്നിരുന്നു. ഇതു പരിഹരിക്കുന്നതിനായി ബഹു. ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ഉന്നതതല ചർച്ച നടക്കുകയും പ്രശ്നം ബഹു. കാർഷികകോത്പാദന കമ്മീഷണറുടെ തീരുമാനത്തിന് സമർപ്പിക്കുകയും ചെയ്തു. ബഹു. കാർഷികോത്പാദന കമ്മീഷണർ സ്ഥലം സന്ദർശിക്കുകയും ഇരു സർവ്വകലാശാലകളുടേയും വൈസ് ചാൻസിലർമാരുമായും ചർച്ച നടത്തുകയും ചെയ്തു. ഇതിന്റെ വെളിച്ചത്തിൽ പ്രശ്ന പരിഹാരത്തിനുള്ള തീരുമാനങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. |
| ബി) കാർഷിക സർവ്വകലാശാലയുടെ എത്ര ഏക്കർ സ്ഥലമാണ് വെറ്ററിനറി സർവ്വകലാശാലയ്ക്ക് നൽകാൻ തീരുമാനിച്ചിരുന്നത്; | ബി) കാർഷിക സർവ്വകലാശാലയുടെ താഴെ പറയുന്ന അളവിലുള്ള സ്ഥലങ്ങൾ വെറ്ററിനറി സർവ്വകലാശാലയ്ക്ക് കൈമാറാൻ തീരുമാനിച്ചിരിക്കുന്നു. |

എൽ.ആർ.എസ്.തിരുവാഴാംകുന്ന്
(397.7 ഏക്കർ)
സി.ബി.എഫ്.തുമ്പർമൂഴി
(29.76 ഏക്കർ)
ബേസ് ഫാം,കോലാഹലമേട്
(84 ഏക്കർ)
സിവി &എഎസ്,പൂക്കോട്
(100ഏക്കർ)
കൊക്കാല, വെറ്ററിനറി ഹോസ്പിറ്റൽ
(1.5 ഏക്കർ)

| | | | |
|---|---|---|---|
| സി) | ഭൂമി കൈമാറ്റം സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | സി) | കേരള വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തി ക്യാമ്പസിലെ ഭൂമി കാർഷിക സർവ്വകലാശാലയിൽ നിന്നും രേഖാപരമായി കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല. മണ്ണുത്തി ക്യാമ്പസ്സിലെ ഭൂമി വെറ്ററിനറി സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്യേണ്ടതായിരുന്നെങ്കിലും, മണ്ണുത്തി ക്യാമ്പസ്സിൽ കാർഷിക സർവ്വകലാശാലയുടെ കാർഷിക ഗവേഷണകേന്ദ്രം പ്രവർത്തിക്കുന്ന സാഹചര്യത്തിൽ കൈമാറ്റം ചെയ്യപ്പെടേണ്ട ഭൂമിയുടെ അളവ്-അതിരുകൾ എന്നിവ സംബന്ധിച്ച് സംശയം നിലനിന്നിരുന്നു. ഇതു പരിഹരിക്കുന്നതിനായി ബഹു. ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ഉന്നതതല ചർച്ച നടക്കുകയും പ്രശ്നം ബഹു. കാർഷികകോത്പാദന കമ്മീഷണറുടെ തീരുമാനത്തിന് സമർപ്പിക്കുകയും ചെയ്തു. ബഹു. കാർഷികോത്പാദന കമ്മീഷണർ സ്ഥലം സന്ദർശിക്കുകയും ഇരു സർവ്വകലാശാലകളുടെയും വൈസ് ചാൻസിലർമാരുമായും ചർച്ച നടത്തുകയും ചെയ്തു. ഇതിന്റെ വെളിച്ചത്തിൽ പ്രശ്ന പരിഹാരത്തിനുള്ള തീരുമാനങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. |

Seeli

സെക്ഷൻ ഓഫീസർ